പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 4488

26.06.2014-ൽ

മറുപടിയ്ക്ക്

## കയർ കേരള 2014-ന്റെ ഭാഗമായി ബയർ-സെല്ലർ സംഗമം

| ചോദ്യം<br>ശ്രീ. എ.റ്റി.ജോർജ്<br>,, അൻവർ സാദത്ത്<br>,, ഷാഫി പറമ്പിൽ<br>,, എം.പി.വിൻസെന്റ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർ കേരള 2014-ന്റെ ഭാഗമായി ബയർ-സെല്ലർ സംഗമം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ)കയർ കേരള 2014-ന്റെ ഭാഗമായി ബയർ-സെല്ലർ സംഗമം ഫെബ്രുവരി 3-ാം തീയതി ആലപ്പുഴയിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി. |
| ബി) കയർമേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ നടത്തിയത്, വിശദാംശങ്ങൾ എന്തെല്ലാം; | ബി) വ്യാപാരികളും, ഉൽപ്പാദകരും ഉൾപ്പെടെ സ്റ്റേക്ക് ഹോൾഡർമാർ ഒരുമിച്ചിരുന്ന് കയറിന്റെ ആഭ്യന്തര-വിദേശ വിപണി ഉൾപ്പെടെ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ സ്വീകരിച്ച് അവ പ്രവർത്തനമണ്ഡലത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞു. കയറുല്പ്പന്നങ്ങൾക്ക് പുതിയ വിപണികൾ കണ്ടെത്തുന്നതിനും, ഉള്ളത് വിപുലീകരിക്കാനും സാധിച്ചു. കയറുല്പ്പന്ന ഉൽപ്പാദന മേഖലയിലെ സാങ്കേതിക വിദ്യയിൽ ഏതുതരത്തിലുള്ള മാറ്റങ്ങൾ വേണമെന്ന് ആഭ്യന്തര-വിദേശ വ്യാപാരികളുടെ അഭിപ്രായങ്ങൾ സ്വരൂപിക്കാനും അവ പ്രാവർത്തികമാക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ ഉൽപ്പാദകർക്ക് സാധിച്ചു. പുതിയ കയറുല്പ്പന്നങ്ങൾക്കും വിപണികൾ സജീവമാക്കാൻ സാധിച്ചു. |

| | |
|---|---|
| സി) രാജ്യാന്തര കയർ വ്യാപാരികളുടെ ശ്രദ്ധ ആകർഷിക്കാൻ ഈ സംഗമത്തിന് എത്രമാത്രം കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | സി) രാജ്യാന്തര കയർ വ്യാപാരികളുടെ ശ്രദ്ധയാകർഷിക്കുവാൻ ഈ സംഗമത്തിന് വളരെയധികം സാധിച്ചിട്ടുണ്ട്. വർഷംതോറും വർദ്ധിച്ചുവരുന്ന വിദേശ-ആഭ്യന്തര വ്യാപാരികളുടെ എണ്ണം കയർ കേരള മൂലമുള്ള കയർ വിപണിയുടെ പ്രാധാന്യം തെളിയിക്കുന്നതാണ്. ഓരോ വർഷവും കയർ കേരള മേളയിൽ പങ്കെടുക്കുന്ന വിദേശ രാജ്യങ്ങളുടെയും വിദേശ പ്രതിനിധികളുടെയും എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. കയർ കേരള 2014 ൽ 39 രാജ്യങ്ങളിൽ നിന്നായി 147 പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഇത് മുൻ വർഷങ്ങളേക്കാൾ കൂടുതലാണ്. |

സെക്ഷൻ ഓഫീസർ